# SAMPLE QUESTION PAPER

## PRE-BOARD EXAMINATION-I: 2020-21

## CLASS: X MALAYALAM 2ND LANGUAGE (012)

## മലയാളം

Time allowed: 3 hrs — M.Marks: 80

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 80*

*General Instructions:*

- Please check that this question paper contains 7 printed pages.
- Code number given on the right, hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 8 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-
  Section A: Reading Comprehension
  Vocabulary Building & M.C.Q – 40 marks
  Section B: Grammar, Composition
  Literature (Prose, Poetry & Non detailed) – 40 marks
- 15 minutes time has been allotted to read this question paper. The students will read the question paper only and will not write any answer on the answer-book during this period.

## SECTION-A/ എ. വിഭാഗം

1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിനു മാത്രം ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും ഒരു മാർക്കു വീതം).

(8 X 1 = 8)

ഹാരപ്പൻ ജനതയുടെ കലാമികവ് ഏറ്റവും കൂടുതൽ വ്യക്തമാകുന്നത് സീലുകളിലും ശിൽപങ്ങളിലും ആഭരണങ്ങളിലും വെള്ളി, വെങ്കല, കളിമൺ പാത്രങ്ങളിലുമാണ്. ചുട്ടെടുത്തതും അല്ലാത്തതുമായ മൺകട്ടകൾ ഉപയോഗിച്ചാണ് അവർ പൊതുവെ നിർമ്മാണങ്ങൾ നടത്തിയത്. ഇന്ത്യയിലെ ശിലാവസ്തുവിദ്യയുടെ ആരംഭം മൗര്യകാലത്താണ് എന്നാണു കരുതിയിരുന്നത്. എന്നാൽ ഗുജറാത്തിലെ ഹാരപ്പൻ സംസ്കാര കേന്ദ്രമായ ധോളവിരയിൽ 1990 കളിൽ നടത്തിയ ഉത്ഖനനം ശിലാവസ്തുവിദ്യടെ ആരംഭകാലം രണ്ടായിരത്തിലേറെ വർഷം പിന്നിലേക്ക് മാറ്റി. ധോളവിരയുടെ കിഴക്കേ പ്രവേശനകവാടത്തിൽ നിന്ന് ചുണ്ണാമ്പുകല്ലിൽ തീർത്ത സ്തംഭത്തിൻെറ അധിഷ്ഠാനവും മിനുസമാർന്ന പ്രതലത്തോടുകൂടിയ സ്തംഭത്തിൻെറ ഭാഗികമായ അവശിഷ്ടങ്ങളും ലഭിച്ചതാണ് ബി.സി. നാലാം നൂറ്റാണ്ടിൽ നിന്ന് ബി.സി. മൂന്നാം നൂറ്റാണ്ടിലേക്ക് ശിലാവസ്തുവിദ്യയുടെ തുടക്കകാലമെത്തിച്ചത്. സിന്ധു നദീതട സംസ്കാരത്തിലെ ശില്പങ്ങളാണ് ഇന്ത്യയിൽ നിന്ന് ലഭിക്കുന്ന ആദ്യകാലശില്പങ്ങൾക്ക് ഉദാഹരണം. ശിലാവെങ്കല ശിൽപങ്ങൾക്കു പുറമേ കളിമൺ ശിൽപങ്ങളും ലഭിച്ചിട്ടുണ്ട്. മൃഗ–മനുഷ്യ രൂപങ്ങൾ ഉൾപ്പെടെയുള്ള കളിമൺ ശിൽപങ്ങളിൽ മാതൃദേവതമാരെന്ന് പൊതുവെ കരുതപ്പെട്ടിരുന്ന സ്ത്രീരൂപങ്ങളാണ് പ്രധാനം. ചിത്രങ്ങളും ചിത്രലിപിയും കൊത്തിയ സീലുകളാണ്

ഹാരപ്പൻ കലയിലെ മറ്റൊരു വിഭാഗം. ഒറ്റക്കൊമ്പൻ ഉൾപ്പെടെയുള്ള സങ്കൽപസൃഷ്ടികളായ മൃഗങ്ങളെയും എരുമകൾ, പോത്തുകൾ, കാട്ടുപോത്തുകൾ എന്നിവയെയും സീലുകളിൽ ചിത്രീകരിച്ചിട്ടുണ്ട്. ജോൺ മാർഷൽ പ്രാക്-ശിവൻ എന്ന് വിളിച്ച സീലിൽ ചിത്രീകരിക്കുന്ന മൂന്ന് കൊമ്പുകളുള്ള ധ്യാനനിമഗ്നനായിരിക്കുന്ന മനുഷ്യരൂപം ഇന്ത്യൻ ശില്പകലയെ സംബന്ധിച്ച് സുപ്രധാനമായതാണ്. ഒട്ടേറെ മൃഗങ്ങളെ പ്രസ്തുത രൂപത്തിനുചുറ്റും ചിത്രീകരിച്ചതിനാൽ പശുപതിയെന്നും ആ രൂപത്തെ വിളിക്കാറുണ്ട്. മനുഷ്യാതീത ശക്തിയുടെ ചിത്രീകരണത്തിന് പിൽക്കാല ഭാരതീയ പ്രതിമാകരണ പദ്ധതിയിൽ ഉപയോഗിക്കുന്ന ഒന്നിലേറെ തലകളും കൈകാലുകളും എന്ന സങ്കേതത്തിൻെറ ആദ്യകാല ഉദാഹരണമാണിതെന്ന് പറയാം.

<u>ചോദ്യങ്ങൾ</u>

(a) ഏതു ജനതയുടെ കലാമികവാണു സീലുകളിലും ശിൽപങ്ങളിലും ആഭരണങ്ങളിലും വെള്ളി, വെങ്കല, കളിമൺ പാത്രങ്ങളിലും ഏറ്റവും കൂടുതൽ വ്യക്തമാകുന്നത്?
(ദ്രാവിഡ ജനത, ഹാരപ്പൻ ജനത, ആര്യൻ ജനത, യൂറോപ്യൻ ജനത)

(b) ഗുജറാത്തിലെ ഹാരപ്പൻ സംസ്കാരകേന്ദ്രമെന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്ഥലമേത്?
(ധോളവിര, നാഗപട്ടണം, തഞ്ചാവൂർ, മഹാബലിപുരം)

(c) മൂന്ന് കൊമ്പുകളുള്ള ധ്യാനനിമഗ്നനായിരിക്കുന്ന മനുഷ്യരൂപത്തിന് പേരു നൽകിയ ഗവേഷകൻ ആരാണ്?
(എർത്ത്മാൻ, തോമസ് കാർലി, ഇ.പി. സാന്തേഴ്സ്, ജോൺ മാർഷൽ)

(d) ഇന്ത്യയിലെ ശിലാവസ്തുവിദ്യയുടെ ആരംഭം ഏതു കാലഘട്ടത്തിലാണ്?
(മൗര്യകാലം, ഗുപ്തകാലം, മുഗൾകാലം, സംഘകാലം)

(e) ഒന്നിലേറെ തലകളും കൈകാലുകളും എന്ന സങ്കേതത്തിൻെറ ആദ്യകാല ഉദാഹരണമാണിതെന്ന് പറയാം. ഏത്?
(പശുപതി, മനുഷ്യൻ, സ്തംഭം, മഹാബാഹു)

(f) ബി.സി. നാലാം നൂറ്റാണ്ടിൽ നിന്ന് ബി.സി. മൂന്നാം നൂറ്റാണ്ടിലേക്ക് ശിലാവസ്തുവിദ്യയുടെ തുടക്കകാലമെത്തിച്ചത് ഏത് അവശിഷ്ടങ്ങൾ ലഭിച്ചതോടെയാണ്?
(പാത്രം, ആഭരണം, ആയുധം, സ്തംഭം)

(g) ശിലാവെങ്കല ശിൽപങ്ങൾക്കു പുറമേ ലഭിച്ചിട്ടുള്ളതെന്ത്?
(ചുവർച്ചിത്രങ്ങൾ, കളിമൺ ശിൽപങ്ങൾ, ആഭരണങ്ങൾ, വാഹനങ്ങൾ)

(h) ഗുജറാത്തിൽ ഉത്ഖനനം നടത്തിയത് ഏതു വർഷം?
(1890, 1990, 1099, 1900)

(i) മൃഗ-മനുഷ്യ രൂപങ്ങൾ ഉൾപ്പെടെയുള്ള കളിമൺ ശിൽപങ്ങളിൽ സ്ത്രീരൂപങ്ങളെ പൊതുവെ കരുതപ്പെട്ടിരുന്നത്:
(മാതൃദേവതരായി, ലക്ഷ്മിയായി, ഗ്രാമദേവതയായി, സമരദേവതയായി)

(j) ഒന്നിലേറെ തലകളും കൈകാലുകളും ഭാരതീയ പ്രതിമാകരണ പദ്ധതിയിൽ ഉപയോഗിക്കുന്നത് ഏതുകാര്യം അറിയിക്കുന്നതിനാണ്?

(മനുഷ്യാതീത ശക്തിയുടെ, മനുഷ്യാതീത ചിന്തയുടെ, മനുഷ്യാതീത സ്നേഹത്തിൻെറ, മനുഷ്യാതീത യുക്തിയുടെ)

(k) ധോളവിരയുടെ കിഴക്കേ പ്രവേശനകവാടത്തിലുള്ള സ്തംഭത്തിൻെറ അധിഷ്ഠാനം നിർമ്മിതമായത്:-
(കരിങ്കല്ലിൽ, ഇലകളിൽ, ലോഹത്തിൽ, ചുണ്ണാമ്പുകല്ലിൽ)

2. ഏതെങ്കിലും എട്ടെണ്ണത്തിനു മാത്രം ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും ഒരു മാർക്കു വീതം). (8 X 1 = 8)

(a) അജ്ഞാതം എന്ന പദത്തിൻെറ വിപരീതം ഏത്?
(ജ്ഞാനം, ജ്ഞാതം, ജതം, ജ്ഞാതി)

(b) ആയുധം എന്ന പദത്തിൻെറ ശരിയായ പര്യായപദം എടുത്തെഴുതുക
(ശസ്ത്രം, സൗധം, സുധ, സ്ഥാനം)

(c) രാത്രി എന്ന പദത്തിൻെറ പര്യായപദമല്ലാത്തത് ഏത്?
(രാവ്, നിശ, ധരണി, രജനി)

(d) സൂര്യൻ എന്നർത്ഥം വരാത്ത പദമേത്?
(ആദിത്യൻ, രവി, ദിവാകരൻ, തിങ്കൾ)

(e) മാനം എന്ന പദത്തിൻെറ നാനാർത്ഥം എഴുതുക.
(കാട്, അഭിമാനം, നിറം, ആകാശം)

(f) പദം എന്ന വാക്കിൻെറ നാനാർത്ഥപദമല്ലാത്തത് ഏത്?
(വാക്ക്, കാൽ, സ്ഥാനം, സത്യം)

(g) പരിണാമം-പരിമാണം ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക.
(ഉയർച്ച, മാറ്റം, അളവ്, വഴി)

(h) വിശാലമായ മനസ്സുള്ളവൻ - എന്നതിൻെറ ശരിയായ ഒറ്റപ്പദമേത്?
(വിശ്വമനസ്കൻ, വിശേഷൻ, വിശാലമനസ്കൻ, വിശാലൻ)

(i) ധർമജ്ഞൻ - എന്ന പദത്തിൻെറ എതിർലിംഗം ഏതാണ്?
(ധർമ, ധർമിണി, ധർമജ്ഞ, ധർമജ്ഞത)

(j) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക
(വ്യാതി, വ്യാദി, വ്യാധി, വ്യാഥി)

3. ഏതെങ്കിലും നാലെണ്ണത്തിനു മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും ഒരു മാർക്കു വീതം) (4 X 2 = 8)

(a) "ഞങ്ങടെ കൊച്ചുകിനാവുകൾ തേടിയലഞ്ഞു
മലർക്കളമെഴുതിക്കാത്തോരരചനെ!" -

(i) അരചൻ ആര്?
(സൂര്യൻ, ദുര്യോധനൻ, യുധിഷ്ഠിരൻ, മഹാബലി)

(ii) അദ്ദേഹത്തെ എവിടെയിരുത്തുവാനാണ് അഭ്യർത്ഥിക്കുന്നത്?
(മണിപീഠം, കുരുക്ഷേത്രം, ശിബിരം, വെൺമണൽ)

(b) "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ!"

(i) സ്വജീവിതം ധന്യമാക്കുന്നത്?
(സാധുക്കൾ, സംതൃപ്തർ, വിവേകികൾ, വിനയശീലർ)

(ii) ഇങ്ങനെ ഉപദേശം നൽകുന്നത് ആരാണ്?
(വൈലോപ്പിള്ളി, തുമ്പപ്പൂക്കൾ, ദിവാകരൻ, നളിനി)

(c) തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം എടുത്തെഴുതുക.

(i) ക്രോധം പരിത്യജിക്കേണം-
(പ്രഭാതത്തിൽ, നിനവിലും, നേരിലും, ബുധജനം)

(ii) താഴെക്കൊടുത്തിട്ടുള്ളവയിൽ റഫീക്ക് അഹമ്മദിൻെറതല്ലാത്ത കൃതി
(തോരാമഴ, ഗ്രാമവൃക്ഷത്തിലെ വവ്വാൽ, ശിവകാമി, വിട)

(d) 'അതു കേൾക്കാനാ ഞാൻ വന്നത്. കേട്ടപ്പോ എനിക്കു കൊറച്ച് ആശ്വാസായി. അതില് കുട്ട്യോള് പാടേം ചിരിക്ക്വേമൊക്കെ ചെയ്യ്ണ്ടല്ലോ.'

(i) ആരുടെ വാക്കുകളാണിത്?
(ചെമ്പുമത്തായി, മരയ്ക്കാർ, ചാക്കുണ്ണി, വെള്ളായിയപ്പൻ)

(ii) ഏതു പരിപാടി കേൾക്കുന്ന കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്?
(ബാലവിഭാഗം, ബാലപംക്തി, ബാലമണ്ഡലം, ബാലരംഗം)

(e) അർജ്ജുനൻെറ പുത്രവധുവായ ഉത്തര പെറ്റുണ്ടാകുന്ന മകൻ പാണ്ഡവവംശത്തെ നിലനിർത്തുക തന്നെ ചെയ്യും. -

(i) ഏതു മകനാണു പാണ്ഡവവംശത്തെ നിലനിർത്താൻ പോകുന്നത്?
(ഉത്തരൻ, പരീക്ഷിത്ത്, അഭിമന്യു, യയാതി)

(ii) പാപിയായ ദ്രൗണിയോട് ഇതു പറഞ്ഞതാര്?
(ഹൃഷികേശൻ, നാരദൻ, വ്യാസൻ, കൃപർ)

(f) ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദമായ നിലവിളി: "അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ."

(i) ആരുടെ വാക്കുകൾ?
(ചാക്കുണ്ണി, ചിത്രരഥൻ, കണ്ടുണ്ണി, പാറാവുകാരൻ)

(ii) ആരോടാണ് ഇങ്ങനെ പറഞ്ഞു വിഷമിക്കുന്നത്?
(മരയ്ക്കാർ, വെള്ളായിയപ്പൻ, ഗ്രാമവാസി, ചാക്കുണ്ണി)

4. ഏതെങ്കിലും നാലെണ്ണത്തിനു മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം). (4 X 4 = 16)

(a) "ഇനിയൊരിക്കലും എനിക്കത് വീട്ടാൻ കഴിഞ്ഞെന്നുവരില്ല."

(i) ഇങ്ങനെ പറയുന്നതാര്?
(വെള്ളായിയപ്പൻ, മരയ്ക്കാർ, കണ്ടുണ്ണി, നീലി)

(ii) ആരോടാണു പറയുന്നത്?
(വെള്ളായിയപ്പൻ, മരയ്ക്കാർ, കണ്ടുണ്ണി, നീലി)

(iii) ഇവിടെ സൂചിപ്പിക്കുന്നത് ഏതു കാര്യമാണ്?
(പതിനഞ്ചു റുപ്പികയും നാലണയും, പത്തു റുപ്പികയും നാലണയും അഞ്ചു റുപ്പികയും നാലണയും, പതിനഞ്ചു റുപ്പികയും ഒരണയും)

(iv) ഈ സന്ദർഭം ഉൾക്കൊള്ളുന്ന കൃതി എഴുതിയതാര്?
(റഫീക്ക് അഹമ്മദ്, എം. മുകുന്ദൻ, ഒ.വി.വിജയൻ, എൻ.പി.മുഹമ്മദ്)

(b) അയാൾ അതു മച്ചിലേക്കു വലിച്ചെറിയുകയില്ലേ? അവിടെ പൊടി കയറി അതു കേടു വരുമോ? എലികൾ അതിന്റെ ലോലമായ പുറംഭാഗം കരണ്ടു കളയില്ലെന്നാരു കണ്ടു?

(i) ഇവിടെ അയാൾ എന്നു സൂചിപ്പിച്ചിട്ടുള്ളത് ആരെയാണ്?
(ചാക്കുണ്ണി, ദ്രൗണി, ചെമ്പുമത്തായി, മരയ്ക്കാർ)

(ii) എലികൾ കരണ്ടുകളയുമെന്ന് ഭയപ്പെടുന്നത് ഏതു കാര്യത്തെ ഓർത്തിട്ടാണ്?
(ആയുധം, പുസ്തകം, റേഡിയോ, പണം)

(iii) ആരാണിങ്ങനെ ഭയപ്പെടുന്നത്?
(ചാക്കുണ്ണി, ദ്രൗണി, ചെമ്പുമത്തായി, മരയ്ക്കാർ)

(iv) ഏതു സാഹിത്യകാരന്റെ രചനയിലെ വരികളാണിത്?
(ഒ.വി.വിജയൻ, ഇ.സന്തോഷ് കുമാർ, വൈലോപ്പിള്ളി, കുട്ടികൃഷ്ണമാരാര്)

(c) 'ആ ദുഷ്ടന്മാർ കൊടും ക്രൂരത കാട്ടി എന്റെ അച്ഛനെ വധിച്ചു; അതിലും എനിക്കത്ര വ്യസനമില്ല, അങ്ങയുടെ ഈ സ്ഥിതി കാണുമ്പോൾ.'

(i) ഏതു ദുഷ്ടന്മാർ?
(കൗരവർ, കൃപകൃതവർമ്മാശ്വത്ഥാമാക്കൾ, യാത്രികർ, പാണ്ഡവർ)

(ii) ആരുടെ വാക്കുകളാണിത്?
(ദുര്യോധനൻ, വ്യാസൻ, ഭീമൻ, അശ്വത്ഥാമാവ്)

(iii) ആരുടെ സ്ഥിതിയെക്കുറിച്ചാണ് ഇതു പറഞ്ഞ ആൾ കൂടുതൽ ദു:ഖിക്കുന്നത്?
(ചാക്കുണ്ണിയുടെ, പുള്ളുവന്റെ, ദുര്യോധനന്റെ, പാഞ്ചാലിയുടെ)

(iv) വധിക്കപ്പെട്ട അച്ഛനാര്?
(പാണ്ഡു, ദ്രൗണി, അഭിമന്യു, ദ്രോണർ)

(d) 'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്' –

(i) ഏതു സ്ഥലവുമായി ബന്ധപ്പെട്ട ഭാഗത്താണ് സൂചനയുള്ളത്?
(വിദ്യാലയം, യുദ്ധഭൂമി, ആശുപത്രി, തെരുവ്)

(ii) കാവ്യഭാഗത്ത് കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്ന ഇടമേത്?
(വിദ്യാലയം, യുദ്ധഭൂമി, ആശുപത്രി, കോവിൽ)

(iii) 'ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള ശല്യപ്പെടുത്തൽ' – എവിടേയ്ക്ക്?
(വിദ്യാലയം, യുദ്ധഭൂമി, ആശുപത്രി, കോവിൽ)

(iv) നാളേയ്ക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നത്
(വിദ്യാലയം, യുദ്ധഭൂമി, ആശുപത്രി, തെരുവ്)

(e) 'മൊഴി കുഴങ്ങി നിന്നവൾ' –

(i) മൊഴി കുഴങ്ങി നിന്നതാര്?
(ലീല, പാഞ്ചാലി, അമ്മ, നളിനി)

(ii) ആരുടെ മുന്നിൽ?
(മകൻെറ, ദിവാകരൻെറ, ദുര്യോധനൻെറ, അമ്മയുടെ)

(iii) ഭാവശാലികൾ പിരിഞ്ഞുകൂടിയാൽ വികലമാകുന്നത്?
(സ്നേഹം, സുമോപമം, കനിവ്, സുഖോദയം)

(iv) ധന്യയായതിനു കാരണം
(സപദി കാൺകമൂലം, പ്രാണിതൻ പ്രിയം, മഞ്ഞുതൻ ധാര, ഓർമ്മയുള്ളത്)

## SECTION-B/ബി. വിഭാഗം)

5. (a) പ്രയോഗം മാറ്റുക (2 X 1 = 2)

(i) ദശരഥൻ സീമന്തപുത്രനായ ശ്രീരാമനെ യുവരാജാവായി അഭിഷേകം ചെയ്യാൻ തീരുമാനിച്ചു.

(ii) പുത്രനു ബ്രഹ്മശിരസ്സെന്ന അസ്ത്രം ദ്രോണരാൽ നൽകപ്പെട്ടിട്ടുണ്ട്.

(b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക (2 X 1 = 2)

(i) അവരെ ഇരുവരെയും ഒരുമിച്ചു കണ്ട പല യാത്രക്കാരും അവർ സഹോദരങ്ങളാണെന്നു കരുതി.

(ii) കേരളത്തെ ഒരു ഏകീകൃത സാംസ്കാരികസ്വരൂപമാക്കാൻ എഴുത്തച്ഛൻെറ കൃതികൾക്കു കഴിഞ്ഞു.

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (2 X 1 = 2)

(i) നീ മൂവായിരത്താണ്ടുകാലം എങ്ങുമേതും അറിയപ്പെടാതെ ഈ ഭൂമിയിൽ നിസ്സഹായനായി ഒഴിഞ്ഞ വിജനപ്രദേശങ്ങളിൽ തെണ്ടിനടക്കും.

(ii) വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചപ്പോൾ കണ്ടുണ്ണി കേൾവിക്കും ശ്രവണത്തിനുമപ്പുറത്തുള്ള സ്ഥായിയിൽ നിലവിളിച്ചു.

(d) അർത്ഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. (2 X 1 = 2)

(i) അവർ നിരവധി പരിശോധനകൾക്കു കുറിച്ചു.

(ii) സഹോദരങ്ങളെ സഹായിക്കാൻ അവനു മോഹമുണ്ട്.

(e) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. (2 X 1 = 2)

(i) ആദരണീയം (ii) തേടിയലയുക (ii) കാതോർക്കുക

6. ഒന്നരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്കു വീതം.

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക 5

(i) മാധ്യമങ്ങൾ യുവജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം

(ii) വിവരസാങ്കേതികവിദ്യ

(iii) അവഗണിക്കപ്പെടുന്ന വാർദ്ധക്യം സാമൂഹികവിപത്ത്

(b) നിങ്ങൾ വിദ്യാലയത്തിലേക്കുവരുന്ന റോഡുകളുടെ ശോചനീയാവസ്ഥ വിവരിച്ച് അതു പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തുപ്രസിഡൻറിനു കത്തു തയ്യാറാക്കുക 5

(c) കേരളത്തിൽ ഉണ്ടായ പ്രളയം-കാരണങ്ങൾ-അപ്രതീക്ഷിതമായി പെയ്ത മഴ-അണക്കെട്ടുകൾ-ജലനിരപ്പ് കൂടി-കൂടുതൽ അപകടമുണ്ടാക്കിയ സ്ഥലങ്ങൾ-നേരിട്ട മാർഗ്ഗങ്ങൾ-ഭാവിയെക്കുറിച്ചുള്ള ആലോചനകൾ-മുൻകരുതലുകൾ-സംവിധാനങ്ങൾ-പഠനങ്ങൾ-ഇവ ഉൾക്കൊള്ളിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക. 5

7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക. (ഓരോന്നിനും മൂന്നു മാർക്കു വീതം)

(a) ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക. (1 X 3 = 3)

(i) അതിനെ, അവനെ, എപ്പോഴും എവിടെയും കരുതിയിരുന്നു കൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയായും സർവവ്യാപിയുമായി കല്പിച്ചതിനർത്ഥം. കുട്ടികൃഷ്ണമാരാരുടെ ഈ പ്രസ്താവനയോടുള്ള പ്രതികരണമെഴുതുക.

(ii) “ഈ റേഡിയോം പാട്ട്വക്കെ ഇനിക്കത്ര പിടിത്തല്ല്യാ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്! ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം”. ചെമ്പുമത്തായിയുടെ ഈ അഭിപ്രായത്തോട് യോജിക്കാനാവുമോ? ചർച്ച ചെയ്യുക (വിശദമാക്കുക).

(b) ഏതെങ്കിലും രണ്ടു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക. (2 X 3 = 6)

(i) “ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.”
കാലാഹി എന്ന പ്രയോഗത്തിൻെറ ഔചിത്യമെന്ത്? വരികൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

(ii) ‘അമ്മത്തൊട്ടിൽ’ എന്ന കവിതയിൽ അമ്മയുടെ കണ്ണുകളെ ‘മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായി’ എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടാകാം?

(iii) “പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ടാണെന്നു പഴിക്കാമിന്നു
പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ പഴമോടരിയും
പപ്പടവുംതന്നാവതു വേഗമയയ്ക്കാൻ നോക്കാം.
ഇവരറിയുന്നീലെന്നഭിമാനം!” – കവി ഇവിടെ ആവിഷ്കരിക്കുന്ന വിചാരങ്ങൾ എന്തെല്ലാമാവാം? കുറിപ്പു തയ്യാറാക്കുക.

8. ഏതെങ്കിലും രണ്ടു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക. (2 X 3 = 6)

(i) കുഞ്ഞൻെറ ബാല്യകാലത്തെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.

(ii) ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും സൗഹൃദം സ്ഥാപിക്കാൻ ഇടയായതെങ്ങനെ? വിവരിക്കുക.

(iii) വിജ്ഞാനദാഹിയായ വിപ്ലവകാരിയാണു ചട്ടമ്പിസ്വാമികൾ – സമർത്ഥിക്കുക.